231 (2547) ചെത്തിപ്പൊഴിയിൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കാൻ നടപടി

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിലെ ചെത്തിപ്പൊഴിയിൽ ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി സൂപ്രണ്ടിംഗ് എൻജിനീയർ സ്ഥലം സന്ദർശിച്ചു സാദ്ധ്യതകൾ ആരാഞ്ഞു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എടുത്ത തുടർനടപടി വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കായംകുളം മത്സ്യ ബന്ധന തുറമുഖം കാട്ടൂർ-പൊള്ളത്തോട്, അർത്തുങ്കൽ എന്നീ ഫിഷ്ലാന്റിംഗ് സെന്ററുകൾ, മത്സ്യ ബന്ധനതുറമുഖങ്ങളുടെ മുൻഗണനാലിസ്റ്റിലുള്ള തോട്ടപ്പള്ളി, അന്ധകാരഅഴി എന്നീ മിനി മത്സ്യബന്ധനതുറമുഖങ്ങൾ എന്നിവ മൂലം ചെത്തിപൊഴിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നത് ഇവയുടെ നിർമ്മാണങ്ങൾ പൂർത്തിയായശേഷമേ പരിഗണിക്കാൻ കഴിയൂ.

232 (2548) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> :
<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. പിരപ്പൻകോട് മുരളി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനും കാർഡ് പുതുക്കുന്നതിനും നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പ്രവർത്തനം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓരോ തസ്തികയിലേക്കും തെരഞ്ഞെടുത്തവരുടെ വർഷം തിരിച്ചുള്ള ലിസ്റ്റ് പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാർഡ് യഥാസമയം പുതുക്കാൻ വീഴ്ചവരുത്തുന്നവർക്ക് വീണ്ടും കാർഡ് പുതുക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) ഓരോ തസ്തികയിലും പേര് രജിസ്റ്റർ ചെയ്തവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനും കാർഡ് പുതുക്കുന്നതിനും നേരിടുന്ന കാലതാമസം ഒഴിവാക്കാൻ വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഘട്ടം ഘട്ടമായി കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രവർത്തനം കമ്പ്യൂട്ടർവല്ക്കരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി വരികയാണ്. പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ കമ്പ്യൂട്ടർവത്ക്കരണം അവസാനഘട്ടത്തിലാണ്. കൂടാതെ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ കമ്പ്യൂട്ടർവത്ക്കരണം ഈ സാമ്പത്തികവർഷം തന്നെ ആരംഭിച്ചുകഴിഞ്ഞു.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓരോ തസ്തികയിലേക്കും തെരഞ്ഞെടുത്തവരുടെ ലിസ്റ്റ് ഉദ്യോഗദായകനയച്ചുകൊടുക്കുന്നതിന്റെ ഒരു പകർപ്പ് നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കാറുണ്ട്. വർഷം തിരിച്ചുള്ള ലിസ്റ്റ് പി.എസ്.സി.യിൽ നിലവിലില്ലാത്തതിനാൽ അത്തരം ഒരു നടപടിക്രമം ആവശ്യമില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) മൂന്നുവർഷം കൂടുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്താറുണ്ട്. ഈ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്ന വിവരം വാർത്താമാദ്ധ്യമങ്ങൾ വഴി ഉദ്യോഗാർത്ഥികളെ അറിയിക്കുകയും അവരിൽനിന്നും ലഭിക്കുന്ന പരാതികൾ പരിഹരിച്ചശേഷം അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ലിസ്റ്റ് നിലവിലുള്ള വിവരം എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പ്രത്യേക നോട്ടീസ് പ്രദർശിപ്പിക്കുന്നുണ്ട്. ഉദ്യോഗാർത്ഥികളിൽ ആവശ്യമുണ്ടെങ്കിൽ ലിസ്റ്റ് ഓഫീസ് സമയത്ത് പരിശോധിക്കാവുന്നതാണ്.

233 (2949) കാസർഗോഡ് ഐ.ടി.ഐ.

ശ്രീ സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഐ.ടി.ഐ. ആരംഭിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഏതെല്ലാം ട്രേഡുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാസർഗോഡ് ഐ.ടി.ഐ. യോടനുബന്ധിച്ച് നടന്നുവരുന്ന കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(ഡി) പ്രസ്തുത കെട്ടിടം പണി പൂർത്തീകരിക്കുമ്പോൾ എന്തു തുക ചെലവാകും;

(ഇ) ഇവിടെ കൂടുതൽ ട്രേഡുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly